**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 477 — 07.01.2014-ലെ മറുപടിയ്ക്ക്

# സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>,, പി.സി.വിഷ്ണുനാഥ്<br>,, റ്റി.എൻ.പ്രതാപൻ<br>,, ലൂഡി ലൂയിസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ വില കറച്ച് നൽകാനായി സഹകരണ മേഖലയെ എപ്രകാരമാണ് ഈ സർക്കാർ പ്രയോജനപ്പെടുത്തിയത്; വിശദമാക്കുമോ;<br><br>(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ; | (എ) യും (ബി) യും ജനങ്ങൾക്ക് അവശ്യ നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിനായി സഹകരണ വകുപ്പിനു കീഴിൽ കൺസ്യൂമർ ഫെഡിന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പരാമർശിക്കും പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണികളും സംസ്ഥാനത്തുടനീളം ഫ്ലോട്ടിംഗ് ത്രിവേണികളും ആരംഭിച്ചുവരുന്നു.<br>2. വർഷം മുഴുവൻ പൊതുവിപണിയെക്കാൾ 20% വിലക്കുറവിൽ സാധനങ്ങൾ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ വ്യാപകമായി |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്.<br>3. വിലക്കയറ്റത്തിന് കൂടുതൽ സാദ്ധ്യതയുള്ള ഉൽസവകാലങ്ങളിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിലൂടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നു. ഇവ കൂടാതെ പച്ചക്കറികളും സബ്സിഡി നിരക്കിൽ ഉൽസവകാല വിപണികളിലൂടെ ലഭ്യമാക്കാറുണ്ട്. ഉൽസവകാല വിപണന മേളകൾ സംഘടിപ്പിച്ചതിലൂടെ പൊതു വിപണിയിൽ 15% മുതൽ 50% വരെ വില കുറയ്ക്കുവാൻ വ്യാപാരികൾ നിർബന്ധിതരായതിലൂടെ വിലക്കയറ്റവും കൃത്രിമക്ഷാമവും നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ഇതിനായി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | മിതമായ നിരക്കിൽ സാധനങ്ങൾ വിപണനം നടത്തുന്ന ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ, നന്മ സ്റ്റോറുകൾ എന്നിവയാണ് ഇതിനായി ആരംഭിച്ചിട്ടുള്ളത്. |
| (ഡി) | സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ നിത്യോപയോഗ | (ഡി) | പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പും കൺസ്യൂമർ ഫെഡും |

സാധനങ്ങളുടെ വിലക്കയറ്റം
പിടിച്ചു നിർത്താൻ
എത്രമാത്രം
സഹായിച്ചിട്ടുണ്ടെന്നുള്ള
വിശദാംശം നൽകുമോ?

നടത്തിയ പൊതു വിപണി
ഇടപെടലിലൂടെ നേരിട്ടുള്ളതും
പരോക്ഷമായതുമായ വിവിധ
ആനുകൂല്യങ്ങൾ സംസ്ഥാനത്തെ
40 ലക്ഷത്തോളം കുടുംബങ്ങൾക്ക്
ലഭ്യമായിട്ടുണ്ട്.
ഉത്സവകാല വിപണികളിലൂടെ
പൊതുവിപണിയിൽ 15% മുതൽ
50% വരെ വിലകുറയ്ക്കുവാൻ
വ്യാപരികൾ
നിർബന്ധിതരാകുകയും തദ്വാരാ
വിലക്കയറ്റവും കൃത്രിമക്ഷാമവും
നിയന്ത്രിക്കുവാൻ സാധിക്കുകയും
ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ